പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 101

12.06.2014 -ൽ മറുപടി നൽകേണ്ടത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു കുരുവിള<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം'പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ)പദ്ധതിയുടെ ഒന്നാംഘട്ട പട്ടയവിതരണം പതിനാല് ജില്ലകളിലും നടന്നു കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒന്നാം ഘട്ടത്തിൽ തന്നെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകി ക്കൊണ്ട് മേൽപറഞ്ഞ ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചു. രണ്ടാം ഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാനതല സ്പെഷ്യൽ സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഏകോപിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി തരപ്പെടുത്തുന്നതിനുള്ള പ്രത്യേക കർമ്മ പരിപാടികൾ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ